(ഡി) ഇല്ല. പരാതിക്കാർക്കും അനുകൂല വിധിയുണ്ടായ കേസ്സുകളിൽ അപ്പീൽ ഫയൽ ചെയ്യാൻ നടപടികൾ കൈക്കൊണ്ടുവരുന്നു.

(ഇ) 1281.7419 ഹെക്ടർ ഭൂമി റവന്യു വകുപ്പിൽ നിന്ന് വിട്ടുകിട്ടിയിട്ടുണ്ട്.

തടിയേതര വിഭവങ്ങൾ ശേഖരിക്കാനുള്ള പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ അവകാശം പുനഃസ്ഥാപിക്കാൻ നടപടി

62 [3393] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ:
,, വി. കെ. ചന്ദ്രൻ:
,, പി. സി. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനങ്ങളിൽ നിന്നും തടിയേതര വനവിഭവങ്ങൾ ശേഖരിക്കുവാനുള്ള പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സംഘങ്ങളുടെ പൂർണ്ണ അവകാശം എടുത്തുകളയാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത തീരുമാനത്തെ തുടർന്ന് പട്ടികവർഗ്ഗ സഹകരണ സംഘങ്ങളും അതിലെ അംഗങ്ങളായ പട്ടികവർഗ്ഗക്കാരും നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എത്ര എസ്.സി., എസ്.ടി. സംഘങ്ങൾക്കാണ് വന വിഭവങ്ങൾ ശേഖരിക്കാനുള്ള അനുമതി ഇപ്പോൾ നൽകിയിട്ടുള്ളതെന്നും അവയിൽ എത്ര അംഗങ്ങൾ ഉണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) വനങ്ങളിൽ നിന്നും വിഭവങ്ങൾ ശേഖരിച്ചു മാത്രം ഉപജീവനം നടത്തിവരുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ പട്ടിണിയിലകപ്പെടുന്ന പ്രസ്തുത നടപടിയിൽ നിന്നും പിൻതിരിയാൻ തയ്യാറാകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉത്തരം 'എ'-യുടെ വെളിച്ചത്തിൽ ബാധകമല്ല.

(സി) എസ്.സി. വിഭാഗ സഹകരണ സംഘങ്ങൾക്ക് വനവിഭവങ്ങൾ ശേഖരിക്കാനുള്ള അനുമതി നൽകിയിട്ടില്ല. എസ്.ടി. വിഭാഗത്തിൽ 30 ഗിരിജൻ സഹകരണ സംഘങ്ങൾക്കാണ് വനവിഭവങ്ങൾ ശേഖരിക്കാനുള്ള അനുമതി നൽകിയിട്ടുള്ളത്. അവയിൽ 6000 കുടുംബങ്ങളാണുള്ളത്.

(ഡി) ഉത്തരം 'എ'-യുടെ വെളിച്ചത്തിൽ ബാധകമല്ല.

മണൽ വാരുന്നതിന് അനുമതി

63 [3396] ശ്രീ. ബിനോയ് വിശ്വം:
,, പി. നാരായണൻ:
,, എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനങ്ങളിൽ നിന്നും മണൽ വാരുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly